# തിരുവിതാംകൂർ ദേവസ്വംബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളെ സംരക്ഷിക്കാൻ ആവശ്യമായ സത്വരനടപടികൾ സ്വീകരിക്കണം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഭരണനിയന്ത്രണത്തിൽ 1200-ൽപരം ക്ഷേത്രങ്ങളാണുള്ളത്. ഇവയിൽ വരുമാനത്തിന്റെ കാര്യത്തിൽ ഏറ്റവും പ്രാധാന്യമേറിയതാണ് ശബരിമല ശ്രീധർമ്മശാസ്താക്ഷേത്രം. ചെട്ടികുളങ്ങര, ഏറ്റുമാനൂർ, മലയാലപ്പുഴ തുടങ്ങി നൂറിൽതാഴെ ക്ഷേത്രങ്ങൾ മാത്രമാണ് സ്വയംപര്യാപ്തമായിട്ടുള്ളത്. ഇത് 2018-ന് മുമ്പുള്ള സ്ഥിതിയാണ്.

ബോർഡിനു കീഴിലുള്ള മറ്റെല്ലാ ക്ഷേത്രങ്ങളും ശബരിമലയെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. ആറായിരത്തിൽപരം ജീവനക്കാരാണ് ദേവസ്വം ബോർഡിലുള്ളത്. 1950-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമതസ്ഥാപനനിയമമനുസരിച്ചാണ് ബോർഡിന്റെ പ്രവർത്തനം. ഈ നിയമപ്രകാരം ബോർഡ് പൂർണമായും ഒരു സ്വയംഭരണസ്ഥാപനമാണ്. ബോർഡിന്റെ ദൈനംദിനഭരണത്തിലോ നയപരമായ കാര്യങ്ങളിലോ ഭരണപരമായ മറ്റു പ്രവർത്തനങ്ങളിലോ ഇടപെടാൻ സർക്കാരിനുപോലും അധികാരമില്ല.

2018-ൽ യുവതീപ്രവേശനവുമായി ബന്ധപ്പെട്ട സുപ്രീംകോടതിവിധി വന്നശേഷമുള്ള സംഭവങ്ങൾ ശബരിമലയെയും തദ്വാരാ ബോർഡിനെയും തകർച്ചയിലാക്കി. കോടതിവിധിക്കു ശേഷമുള്ള നിർഭാഗ്യകരമായ സംഭവങ്ങൾ യഥാർത്ഥഭക്തരെ ശബരിമലയിൽനിന്നും അകറ്റി. മറ്റു സംസ്ഥാനങ്ങളിൽനിന്നും വന്നുകൊണ്ടിരുന്ന കോടിക്കണക്കിന് തീർത്ഥാടകർ ശബരിമലയിൽ എത്താതായി. അവിടുത്തെ വരുമാനം നൂറുകോടിയിൽ താഴെ മാത്രമായി ചുരുങ്ങി. 2018-ൽ ആരംഭിച്ച ഈ വരുമാനക്കുറവ് ഇപ്പോഴും തുടരുന്നു. 2019-ലെയും 2020-ലെയും മണ്ഡല-മകരവിളക്ക് സീസണുകളും മാസപൂജകളും കോവിഡിന്റെ മറവിൽ 'ഭക്തരില്ലാതീർത്ഥാടന'മാക്കി മാറ്റി. തൽഫലമായി വരുമാനം നിലച്ചു.

ശബരിമലക്ഷേത്രം സാമ്പത്തികമായി തകർന്നതോടെ ആയിരത്തിൽപരം മറ്റു ക്ഷേത്രങ്ങൾ നാശോന്മുഖമായി. വരുമാനമില്ലാതെ പൂജകൾ മുടങ്ങുന്നു, അറ്റകുറ്റപ്പണികളില്ലാതെ ക്ഷേത്രമന്ദിരങ്ങൾ ഇടിഞ്ഞുവീഴുന്ന അവസ്ഥയിലെത്തുന്നു, ഭക്തർ വരാതെ ക്ഷേത്രകോമ്പൗണ്ടുകൾ കാടുകയറുന്ന അവസ്ഥയിലാകുന്നു. ഇതുകണ്ട് ദുഃഖിക്കുന്നത് യഥാർത്ഥ ഭക്തർ മാത്രമാണ്.

രോഗം ആരും മനഃപൂർവം ക്ഷണിച്ചു വരുത്താറില്ല. ഭക്തരെ ക്ഷേത്രങ്ങളിൽ പ്രവേശിപ്പിച്ചാൽ എത്രത്തോളം നിയന്ത്രണം പാലിക്കണമെന്ന് അവർക്കറിയാം. കാരണം, ആരും രോഗം വരാൻ ആഗ്രഹിക്കുകയില്ലല്ലോ. ഭക്തർ ദർശനത്തിന് വരുമ്പോൾ ക്ഷേത്രവരുമാനം വർദ്ധിക്കും. ക്ഷേത്രങ്ങൾക്ക് ആശ്രയമില്ലാതെ നില നില്ക്കാനും കഴിയും. ഇക്കാര്യത്തിൽ ബോർഡോ ഗവൺമെന്റോ ക്രിയാത്മകമായ ഒരു സമീപനം സ്വീകരിക്കുകയുണ്ടായില്ല. ഭരണഘടനപ്രകാരവും നിലവിലുള്ള മറ്റു നിയമപ്രകാരവും ക്ഷേത്രസ്വത്തുക്കളുടെ സൂക്ഷിപ്പുകാർ മാത്രമാണ് ബോർഡ്. ക്ഷേത്രസ്വത്തുക്കൾ അന്യാധീനപ്പെടുത്തുവാൻ അവർക്ക് അവകാശമില്ല. തങ്ങളുടെ ക്ഷേത്രങ്ങളിൽ നിയന്ത്രണങ്ങളോടെ പരമാവധി ഭക്തരെ സമയക്രമം പാലിച്ച് പ്രവേശിപ്പിക്കാനും, ആചാരാനുഷ്ഠാനങ്ങൾ നിലനിർത്തി പ്രവർത്തിക്കാനുമുള്ള ശ്രമം ബോർഡ് നടത്തിയിരുന്നെങ്കിൽ ക്ഷേത്രങ്ങൾ ഇന്നത്തെ അവസ്ഥയിൽ എത്തുകയില്ലായിരുന്നു.

അതിനാൽ, തിരുവിതാംകൂർ ദേവസ്വം ബോർഡ്, അവരുടെ കീഴിലുള്ള ക്ഷേത്രങ്ങളെ കരുതലോടെ സംരക്ഷിക്കാനും വിശ്വാസം നിലനിർത്താനും ആവശ്യമായ സത്വരനടപടികൾ സ്വീകരിക്കുകയാണ് ചെയ്യേണ്ടത്.